## ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (എ&റ്റി)യുടെ നടപടി ക്രമങ്ങൾ

വിഷയം:- ആവഡ- ശ്രീമതി. ആൻസിമോൾ.പി.സാമുവൽ, ഒന്നാംഗ്രേഡ് ജെ.പി.എച്ച്.എൻ, പ്രാഥമികാരോഗ്യ കേന്ദ്രം, പാലക്കുഴ, എറണാകുളം ബഹു.കെ.എറ്റി-യിൽ ഒ.എ നം(ഇ.കെ.എം) 2093/2018-ാം നമ്പരായി ഫയൽചെയ്ത കേസിൻമേൽ 16.11.2018-ലെ ഉത്തരവ് നടപ്പിലാക്കികൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്

സൂചന:- ഒ.എ(ഇ.കെ.എം) 2093/2018 നമ്പർ കേസിൽ ബഹു.കെ.എ.റ്റിയുടെ 16.11.2018 ലെ ഉത്തരവ്

**ഉത്തരവ് നമ്പർ ഇ.എസ്5/93332/2018/ആവഡ തീയതി 15.12.2018**

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീമതി. ആൻസിമോൾ.പി.സാമുവൽ, ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ, പ്രാഥമികാരോഗ്യ കേന്ദ്രം, പാലക്കുഴ, എറണാകുളം ഫയൽ ചെയ്ത ഒഎ (ഇ.കെ.എം) 2093/2018 കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 2018 നവംബർ 16-ാം തീയതി പുറപ്പെടുവിച്ച ഉത്തരവിൻ, ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ-മാരുടെ 06.05.2000 മുതൽ 31.07.2017 വരെയുള്ള കാലയളവിലെ താൽക്കാലിക സീനിയോരിറ്റി പട്ടിക (അനക്സർ എ4) യുമായി ബന്ധപ്പെട്ട് ടിയാൾ സമർപ്പിച്ച അപേക്ഷയിൽ മേലും (അനക്സർ എ5), 01.01.1999 മുതൽ ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ സീനിയോരിറ്റി നൽകണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൻ മേലും (അനക്സർ എ7) ഒരു മാസത്തിനുള്ളിൽ തീരുമാനം എടുക്കാനാണ് ഉത്തരവായിട്ടുള്ളത്.

2. എറണാകുളം ജില്ലയിൽ പാലക്കുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജെ.പി.എച്ച്.എൻ തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.ആൻസിമോൾ.പി.സാമുവൽ ഡബ്ല്യൂ1(4)/3067/86 തീയതി 05.01.1994 പ്രകാരമുള്ള വയനാട് ജില്ലാ പി.എസ്.സി അഡ്വൈസ് മുഖേന 16.02.1994-ൽ വയനാട് ജില്ലയിൽ രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ ആയി ജോലിയിൽ പ്രവേശിച്ച് തുടർന്നു വരവെ അതേ തസ്തികയിൽ തന്നെ 10.06.1999-ൽ അന്തർ ജില്ലാ സ്ഥലം മാറ്റം നേടുകയുണ്ടായി.

3. ശ്രീമതി. ആൻസിമോൾ.പി.സാമുവലിനൊടൊപ്പം വയനാട് ജില്ലയിൽ നിന്നും എഫ്.ഡബ്ല്യൂ.എ4/4213/99 ആവഡ തീയതി 03.05.1999 പ്രകാരം അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ച ശ്രീമതി ഗിരിജ.എ.സി,

ശ്രീമതി. ആൻസിമോൾ പി. സാമുവലിനേക്കാൾ ജൂനിയറാണെന്നും, ശ്രീമതി ഗിരിജ.എ.സി-ക്ക് സ്ഥാനക്കയറ്റം ലഭിച്ച് ഇപ്പോൾ പി.എച്ച്.എൻ തസ്തികയിലാണ് ജോലി ചെയ്യുന്നതെന്നും അതുകൊണ്ട് ശ്രീമതി ആൻസിമോൾ.പി.സാമുവലിൻെറ സീനിയോരിറ്റി സ്ഥാനം സംബന്ധിച്ച് പുന:പരിശോധന നടത്തി സ്ഥാനക്കയറ്റം നൽകണമെന്നുമാണ് അനക്സർ എ7 നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്.

4. ആയതുമായി ബന്ധപെട്ട് ശ്രീമതി ഗിരിജ.എ.സി-യുടെ സേവന രേഖകൾ വിശദമായി പരിശോധിച്ചതിൽ ശ്രീമതി ആൻസിമോൾ.പി.സാമുവൽ ഉന്നയിച്ച വാദം ശരിയല്ലെന്നു കണ്ടെത്തുകയുണ്ടായി. ശ്രീമതി.ഗിരിജ.എ.സി, ഡബ്ല്യു1(4)3067/86 തീയതി 28.07.93, വയനാട് ജില്ലാ പി.എസ്.സി അഡ്വൈസ് പ്രകാരം രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ ആയി 29.09.1993-ൽ വയനാട് ജില്ലയിൽ ജോലിയിൽ പ്രവേശിക്കുകയുണ്ടായി. പ്രസ്തുത തസ്തികയിൽ തുടർന്നു വരവെ 1.1.1999 മുതൽ ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ ആയി സ്ഥാനക്കയറ്റം ലഭിക്കുകയും എഫ്ഡബ്ല്യു (സെപ്ഷ്യൽ സെൽ) 94460/06 ആവഡ തീയതി 15.05.2007-ൽ പ്രസിദ്ധീകരിച്ച ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ മാരുടെ സീനിയോറിറ്റി പട്ടികയിൽ 3712-ാം സ്ഥാനം നൽകി ഉൾപ്പെടുത്തിയിട്ടുള്ളയാളുമാണ്. ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ ആയി സ്ഥാനക്കയറ്റം ലഭിച്ച തീയതിക്ക് ശേഷമാണ് ടിയാൾ (10.06.1999-ൽ) അന്തർ ജില്ലാ സ്ഥലം മാറ്റം നേടിയിട്ടുള്ളത്.

5. 15.05.2007-ൽ പ്രസിദ്ധീകരിച്ച ഒന്നാംഗ്രേഡ് ജെ.പി.എച്ച്.എൻ-മാരുടെ സീനിയോരിറ്റി പട്ടികയിൽ 06.05.2000 വരെയുള്ള ഒഴിവുകളിലാണ് രണ്ടാംഗ്രേഡ് ജെ.പി.എച്ച്.എൻ മാരുടെ സ്ഥാനക്കയറ്റം പുനർനിർണ്ണയം ചെയ്ത് നൽകിയിട്ടുള്ളത്. 07.12.1993 വരെയുള്ള പി.എസ്.സി അഡ്വൈസ് തീയതി പ്രകാരം ജോലിയിൽ പ്രവേശിച്ച രണ്ടാംഗ്രേഡ് ജെ.പി.എച്ച്.എൻ-മാരെ പ്രസ്തുത സീനിയോരിറ്റി പട്ടികയിൽ ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ-മാരായി പരിഗണിച്ച് പുനർ നിണയം നടത്തിയിട്ടുണ്ട്.

6. ജില്ലാതല നിയമനം ലഭിച്ച് ജോലിയിൽ പ്രവേശിച്ച ജെ.പി.എച്ച്.എൻ അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിക്കുന്നതിന് മുമ്പ് സ്ഥാനക്കയറ്റം ലഭിക്കുവാൻ അർഹതയുണ്ടെങ്കിൽ ആയത് പരിഗണിച്ച് സീനിയോരിറ്റി നിർണ്ണയിച്ച് നൽകണമെന്ന് ബഹു.കേരളാ ഹൈക്കോടതിയിലെ ഒ.പി (കെ.എ.റ്റി) നമ്പർ 74/2017 ഒ.പി (കെ.എ.റ്റി) നമ്പർ 211/2017 കേസിന്മേലുള്ള വിധി ന്യായത്തിൽ ഉത്തരവായിട്ടുള്ളതുമാണ്.

7. ഇ.എസ്5/32284/17 ആവഡ തീയതി 07.05.2018 പ്രകാരം പ്രസിദ്ധീകരിച്ച ഒന്നാംഗ്രേഡ് ജെ.പി.എച്ച്.എൻ-മാരുടെ 06.05.2000 മുതൽ 31.07.2017 വരെയുള്ള കാലയളവിലെ കരട് സീനിയോരിറ്റി പട്ടികയിൽമേൽ ശ്രീമിതി ആൻസിമോൾ.പി.സാമുവൽ സമർപ്പിച്ച അപ്പീൽ അപേക്ഷ (അനക്സർ എ5)യിൽ പേരിലും, പി.എസ്.സി അഡ്വൈസ് തീയതിയിലുമുള്ള തെറ്റുകൾ തിരുത്തണമെന്നും, സീനിയോരിറ്റി സ്ഥാനം 6നും 7നും ഇടയിൽ നൽകണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ആയത് വിശദമായി പരിശോധിച്ച് പേരിലും അഡ്വൈസ് തീയതിയിലുമുണ്ടായ തെറ്റുകൾ പരിഹരിച്ച് 28.09.2018-ന് പരിഷ്കരിച്ച കരട് സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിക്കുകയുണ്ടായി.

8. 05.01.1994-ലെ പി.എസ്.സി അഡ്വൈസ് പ്രകാരം രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ.ആയി ജോലിയിൽ പ്രവേശിച്ച ശ്രീമതി. ആൻസിമോൾ.പി.സാമുവൽ 10.06.99-ൽ രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ തസ്തികയിൽ തുടർന്നു വരവെയാണ് അന്തർ ജില്ലാ സ്ഥലം മാറ്റം നേടിയത്. ജില്ലാ തല നിയമനം നേടിയാൾ അതേ തസ്തികയിൽ തുടർന്നു വരവെ തന്നെ അന്തർ ജില്ലാ സ്ഥലം മാറ്റം നേടിയാൽ കെ.എസ്. & എസ്.എസ്.ആർ ഭാഗം2 ചട്ടം 27-ന് വിധേയമായി അന്തർ ജില്ലാ സ്ഥലം മാറ്റം നേടി പുതിയ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മാത്രമേ സീനിയോറിറ്റിക്ക് അർഹതയുള്ളു. ആയതിനാൽ ശ്രീമതി. ആൻസിമോൾ പി. സാമുവലിനെ രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ സീനിയോരിറ്റി പട്ടികയിൽ 10.06.1999 തീയതി പരിഗണിച്ച് മാത്രമേ ഉൾപ്പെടുത്താൻ കഴിയുകയുള്ളു.

9. 28.09.2018-ൽ പ്രസിദ്ധീകരിച്ച പരിഷ്കരിച്ച കരട് സീനിയോരിറ്റി പട്ടികയിൻമേൽ ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ആയത് സമർപ്പിക്കാൻ 15.10.2018 വരെ സമയം അനുവദിച്ചിരുന്നു. പരിഷ്കരിച്ച കരട് സീനിയോരിറ്റി പട്ടികയിൽ 10.06.1999 തീയതി പരിഗണിച്ച് ശ്രീമതി ആൻസിമോൾ പി.സാമുവലിന് നൽകിയിരുന്ന സ്ഥാനത്തെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഒന്നും തന്നെ ടിയാൾ സമർപ്പിക്കുകയുണ്ടായിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീമതി ആൻസിമോൾ.പി. സാമുവലിന് അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ച 10.06.1999 തീയതി പരിഗണിച്ച് ആയതിന് ആനുപാതികമായ സ്ഥാനം മാത്രമേ ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ സീനിയോരിറ്റി പട്ടികയിൽ നൽകാൻ കഴിയുകയുള്ളു. അത്തരത്തിൽ അന്തിമ സീനിയോരിറ്റി പട്ടികയിൽ ശ്രീമതി ആൻസിമോൾ.പി.സാമുവലിനെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബഹു. കെ.എ.റ്റി ഒഎ (എറണാകുളം) 2093/2018 കേസിലെ 16.11.2018-ലെ ഉത്തരവ് ഇത്തരത്തിൽ നടപ്പിലാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-
ഡോ.സെമീറ.എ
**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എ&റ്റി)**

സ്വീകർത്താവ്
ശ്രീമതി ആൻസിമോൾ.പി.സാമുവൽ
ജെ.പി.എച്ച്.എൻ ഗ്രേഡ്1, പി.എച്ച്.സി
പാലക്കുഴ, എറണാകുളം

പകർപ്പ്:-
1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), എറണാകുളം
3. മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജ്, പി.എച്ച്.സി, പാലക്കുഴ,എറണാകുളം
4. ഫയൽ/ കരുതൽ ഫയൽ

**// അംഗീകാരത്തോടെ//**

സൂപ്രണ്ട്